# സെന്റ്. ആന്റണീസ് യു പി എസ് കണ്ടച്ചിറ



# മാസ്റ്റർ പ്ലാൻ 2025-26

സെൻറ്. ആന്റണീസ് യു പി എസ്
കണ്ടച്ചിറ

# അവതാരിക

പൊതു വിദ്യാലയങ്ങൾ ഇപ്പോൾ മികവിന്റെ പാതയിലാണ്.2016 ലെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ ഗവൺമെന്റ് എയ്ഡഡ് വിദ്യാലയങ്ങളും സ്കൂളിനെ മികവുറ്റതാക്കി തീർക്കുന്നതിൽ ശ്രദ്ധബദ്ധരാണ്. അതിനായി പി.ടി.എയും വിദ്യാർത്ഥികളും പൂർവ വിദ്യാർഥികളും അധ്യാപകരും മറ്റ് അഭ്യുദയകാംക്ഷികളും ചേർന്ന് മികച്ച പദ്ധതികൾ ആസൂത്രിണം ചെയ്തിരിക്കുന്നു. കണ്ടച്ചിറ സെന്റ് ആന്റണീസ് യു.പി. സ്കൂളിന്റെ ഈ മാസ്റ്റർ പ്ലാൻ എന്തുകൊണ്ടും മികച്ചതാണ്. ഇതിലൂടെ ഒരാവർത്തി കടന്നു പോയാൽ ഇത് മനസ്സിലാക്കാവുന്നതാണ്. സ്കൂളിന്റെ ഭൗതിക സാഹചര്യവും കുട്ടികളുടെ അക്കാദമിക നിലവാരവും മാറ്റിയെടുക്കുന്നതിനാണ് ഈ മാസ്റ്റർപ്ലാൻ മുൻതൂക്കം നൽകിയിരിക്കുന്നത്. സമയബന്ധിതമായി ഈ പദ്ധതി പ്രാവർത്തികമായാൽ ഭാവിയിൽ ഈ കണ്ടച്ചിറ പ്രദേശത്ത് പുതിയൊരു തലമുറയെ വാർത്തെടുക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല.

ആശ തങ്കപ്പൻ

പി.ടി.എ പ്രസിഡന്റ്

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- ലഘുചരിത്രം
- കാഴ്ചപ്പാട്
- രൂപീകരണ പ്രക്രിയ
- അവസ്ഥാ വിശകലനം
- ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# ആമുഖം

വിദ്യാലയ വികസനമെന്നത് ഒന്നോ രണ്ടോ ഘടകങ്ങളെ മാത്രം ആശ്രയിച്ചു നിലകൊള്ളുന്ന ഒന്നല്ല. ക്ലാസ്സ്മുറി,ഭൗതിക സാഹചര്യങ്ങൾ, മറ്റുസഹായഘടകങ്ങൾ, സമൂഹം എന്നീ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

വ്യക്തമായ മുന്നൊരുക്കങ്ങളിലൂടെ സമയബന്ധിതമായി, ഇവിടെ സമഗ്രവിദ്യാലയ വികസന പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. പാഠ്യപദ്ധതിയുടെ പുനർവലോകനവും ഭിന്നശേഷിയുള്ളവിദ്യാർഥികൾക്ക് ഉപയോഗപ്രദമാകുന്ന പ്രവർത്തങ്ങളും അടിസ്ഥാന സൗകര്യപരിമിതികൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ഓരോ ക്ലാസ്സിലെയും വിദ്യാർഥികൾ ആർജിക്കേണ്ട പഠനനിലവാരം നിഷ്കർഷിക്കുകയും അതിൽ എത്ര കുറവുണ്ടെന്ന് വിലയിരുത്തുകയും ആ കുറവ് പരിഹരിക്കാനുള്ള പഠനപ്രക്രിയ ഏകോപിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടതും.

“ഗുണമേൻമയുള്ള വിദ്യാഭ്യാസം”, “കുട്ടിയുടെ അവകാശം” എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സാമൂഹ്യ പങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ഉദ്യമത്തിൽഅധ്യാപകരും രക്ഷിതാക്കളും സാമൂഹികസ്ഥാപനങ്ങളും മാധ്യമങ്ങളും ഒന്നായി കൈകോർക്കേണ്ടതുണ്ട്.

കണ്ടച്ചിറസെന്റ് ആന്റണീസ് യു.പി. സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളെ വിലയിരുത്തി കൊണ്ട് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും പൂർത്തികരിക്കേണ്ട പല പദ്ധതികളുമുണ്ട്.അടുത്ത10 വർഷംകൊണ്ട് നമ്മുടെ സ്കൂളിനെ മികവിന്റെ പാതയിൽ എത്തിക്കാനുള്ള പദ്ധതികളെ കുറിച്ചാണ് ഈ പദ്ധതിയിൽ പ്രതിപാദിക്കുന്നുത്.

# ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച കർമ്മ പരിപാടിയുടെ ഭാഗമായി ഇവിടെ ഉരുത്തിരിഞ്ഞ ചില ലക്ഷ്യങ്ങൾ:

- പാഠ്യപദ്ധതി ലക്ഷ്യമിടുന്ന രീതിയിൽ അക്കാദമികമായും മുഴുവൻ കുട്ടികളെയും മികവിലേക്ക് നയിക്കാനുള്ള സാഹചര്യം ഒരുക്കുക.
- രസകരവും ക്രിയാത്മകവുമായ പ്രവർത്തനാധിഷ്ഠിത, ശിശുസൗഹൃദ ക്ലാസ്സ്മുറികൾ സൃഷ്ടിക്കുക.
- കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ മാത്രം ഒതുക്കാതെ സർഗ്ഗ പരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തി യെടുക്കുകയും മാലിന്യനിർമ്മാജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുയെടുക്കുകയും ചെയ്യുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയതലമുറയിൽ നിന്ന് ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
- 'കാമ്പസ് തന്നെ പഠനം' എന്ന ലക്ഷ്യം സാധ്യമാക്കുന്ന തരത്തിൽ ജൈവവൈവിധ്യ ഉദ്യാനം സാധ്യമാക്കുക
- ITC സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ സമൂഹപിൻതുണ ഉറപ്പാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനപുരോഗതി ഉറപ്പാക്കുക.

# ലഘുചരിത്രം

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൊല്ലവർഷം 1080-ൽ (എ.ഡി. 1905- ൽ) സെന്റ് തോമസ് പള്ളിയോട് ചേർന്ന് ആരംഭിച്ച സെന്റ് ആന്റണീസ് സ്കൂളിന്റെ പ്രവർത്തനം 1 മുതൽ 3-ാം ക്ലാസ്സ് വരെ ആയിരുന്നു. എന്നാൽ, അതത് കാലഘട്ടങ്ങളുടെ ആവശ്യവും പ്രവർത്തനങ്ങളുടെ നേട്ടവുമായി പടിപടിയായുള്ള വളർച്ച ഈ സ്കൂളിന് കരഗതമായി. തൻമൂലം 1110-ൽ (1934) നാലാം ക്ലാസ്സും 1111-ൽ (1935) അഞ്ചാം ക്ലാസ്സും ഈ സ്കൂളിന് ലഭിച്ചു. പള്ളിയങ്കണത്തിൽ ആരംഭിച്ച ഈ സ്കൂളിന്റെ പ്രഥമ ലോക്കൽ മാനേജർ, ഫാദർ ലോപ്പസ് ആയിരുന്നു.

ആരംഭ ദശയിൽ ഈ സ്കൂളിന്റെ അമരക്കാരനായി പ്രവർത്തിച്ചവർ യഥാക്രമം മിസ്റ്റർ. ശങ്കുപിള്ള, മിസ്റ്റർ. ഫിലിപ്പ്, മിസ്റ്റർ. മത്തായി എന്നിവർ ആയിരുന്നു. 1952 മെയ് 25 ന് ഈ സ്കൂൾ വിമലഹൃദയ ഫ്രാൻസിസ്കൻ സന്ന്യാസി സമൂഹത്തിന് വിട്ടുകൊടുത്തു. പ്രേഷിതപ്രവർത്തനം ലക്ഷ്യമാക്കി രണ്ട് സിസ്റ്റേഴ്സിന് ഈ സ്കൂളിൽ നിയമനം നൽകുകയും ചെയ്തു.

02.06.1952 ൽ അന്നത്തെ പ്രഥമധ്യാപകനായിരുന്ന ശ്രീ. മത്തായിയുടെ രാജിയെത്തുടർന്ന് Rev. Sr. Henritta Mary പ്രഥമധ്യാപികയായി നിയമിക്കപ്പെട്ടു. 03.07.61 മുതൽ 200 കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുത്തു തുടങ്ങി. 08.10.62 ൽ മൂന്നാം സ്റ്റാൻഡേർഡിൽ ഒരു ഡിവിഷനും, 1964 ജൂണിൽ അഞ്ചിലെ ഒരു ഡിവിഷനും കൂട്ടി. 17.07.68 ൽ സ്ഥലപരിമിതി കാരണം അടുത്തുള്ള എയ്ഞ്ചൽ ഭവൻ വീട്ടിലെ ഒരു ഹാൾ വാടകയ്ക്ക് എടുക്കുകയും നാലിൽ ഒരു ഡിവിഷൻ കൂടി വർദ്ധിപ്പിക്കുകയും ചെയ്തു.

25.05.1968- ൽ കണ്ടച്ചിറ എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്തു. 15.08.94 ൽ കൊല്ലത്ത് ഗവ. ബോയ്സ് എച്ച്. എസ്. എസ്.- ൽ വച്ച് നടന്ന സ്വാതന്ത്ര്യദിനചടങ്ങിൽ സ്കൗട്ട്സ് ആന്റ് ഗൈഡിന്റെ ബെസ്റ്റ് സ്കൂളിനുള്ള പ്രശംസാപത്രവും ഡി പി ഡി യുടെ അവാർഡും ഈ സ്കൂൾ കരസ്ഥമാക്കി.

കാലാകാലങ്ങളായി ഈ നാട്ടിൽ നിലകൊള്ളുന്ന ഈ സ്കൂൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് കാണിക്കുകയും ചെയ്തുകൊണ്ട് ഗ്രാമത്തിനും ഗ്രാമീണർക്കും അഭിമാനമായി നിലകൊള്ളുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളിൽ എത്തിക്കുക. എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക, സ്കൂൾ തലത്തിൽ എല്ലാ കുട്ടികളും ടാലെന്റ് ലാബിലൂടെ ഉന്നതവിജയം കരസ്ഥമാക്കുക, സ്വയം പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കുക, അന്താരാഷ്ട്ര നിലവാരത്തിലേക്ക് എല്ലാ കുട്ടികളെയും എത്തിക്കുക.

രക്ഷിതാക്കളുടെ താത്പര്യം ഉണർത്തുന്ന വിധത്തിൽ ക്ലാസ് പിടിഎ ആകർഷകമാക്കുക, സ്കൂളിന്റെ വികസനപ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളെ പങ്കാളികളാക്കുക. അധ്യാപകർ ഗ്രൂപ്പുകളായി കുട്ടികളുടെ വീടുകൾ സന്ദർശിച്ച് രക്ഷിതാക്കളെ നേരിട്ട് ദിനാചരണ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുക. അധ്യാപകൻ ഓരോ വീട്ടിൽ വച്ച് കോർണർ പി ടി എ നടത്തുക.

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക. എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുക, ജൈവൈവിധ്യ ഉദ്യാനം നിലവിൽ വരുത്തുക. അതിലൂടെ കാമ്പസ് തന്നെ പഠനം എന്ന ആശയം സാക്ഷാത്ക്കരിക്കുക, കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കുക.

വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കുക, കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവുവരുത്താനുള്ള കൗൺസിലിംഗ് സൗകര്യം എല്ലാ സ്കൂളിലും ഉണ്ടാക്കുക., മദ്യത്തിനും മയക്കുമരുന്നിനുമെതിരായ മനോഭാവം പുതുതലമുറയിൽ വളർത്തുക, കലാ-കായിക-പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക.

# രൂപീകരണ പ്രക്രിയ

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിനും പൊതുസമൂഹത്തിന് മതിപ്പ് ഉളവാക്കുന്നതിനും ഉതകുന്ന ഒരു രേഖ എന്ന തലത്തിലേക്ക് സമഗ്രഗുണമേൻമ വിദ്യാലയ വികസന പദ്ധതിരേഖ.

## ജൈവ വൈവിധ്യപാർക്ക്

- നമ്മുടെ വിദ്യാലയത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ ഒരു ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചു.
- ഔഷധോദ്യാനം - കുട്ടികളിൽ നിന്ന് വിവിധതരം ഔഷധ സസ്യങ്ങൾ ശേഖരിച്ച് പേര് നൽകി ഔഷധോദ്യാനം രൂപീകരിക്കാൻ തീരുമാനിച്ചു.
- ഉദ്യാനത്തിൽ ഒരു ചെറിയകുളവും ഉൾപ്പെടുത്തി.
- വിഷരഹിത പച്ചക്കറിക്കൃഷി - വീട്ടിലും വിദ്യാലയത്തിലും വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

## മലയാളത്തിളക്കം

- എഴുത്തിലും വായനയിലും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രാധാന്യം കൊടുക്കുക.
- കുട്ടികൾക്ക് ആത്മവിശ്വാസം വളർത്തിയെടുക്കുകയും പൊതുസദസ്സിനു മുമ്പാകെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുക.
- എല്ലാ കുട്ടികളെയും ഭാഷാപരമായ മികവിൽ എത്തിക്കുക.
- രക്ഷിതാക്കളുടെ പങ്കാളിത്തവും ആവശ്യകതയും മലയാളത്തിളക്കം പരിപാടിയിൽ ഉൾക്കൊള്ളിക്കുക.
- കുട്ടികളെ അംഗീകരിക്കുകയും അവർക്ക് അവസരങ്ങൾ കണ്ടെത്തുന്നതിൽ ഭാഗഭാഗിത്വം വഹിക്കുക. കുട്ടികളുടെ ചെറിയ വിജയങ്ങളെ പ്രോത്സാഹിപ്പിക്കുക.

## ശ്രദ്ധ പദ്ധതി

- പഠന പ്രയാസം നേരിടുന്ന ഓരോ കുട്ടിക്കും അവർക്കാവശ്യമായ പ്രത്യേക പഠനാനുഭവങ്ങൾ നൽകുക.
- ഓരോ കുട്ടിക്കും പഠനത്തിലൂടെ മികവാർന്ന രീതിയിൽ വളരാനും വികസിക്കാനുമുള്ള അവസരം ഒരുക്കുക.
- കുട്ടികളആക്ക് അവർ ഇഷ്ടപ്പെടുന്ന കളിയിലൂടെ ആഹ്ലാദവും ആസ്വാദതയുമുണർത്തുന്ന പഠനാനുഭവങ്ങൾ നൽകുക.
- കുട്ടികൾക്ക് ഏകാഗ്രത, ആത്മവിശ്വാസം, സർഗാത്മകത, നിരീക്ഷണ പാടവം, സഹവാസശീലം, ആശയ വിനിമയം എന്നിവ രൂപപ്പെടുത്തിയെടുക്കുക.

## ദിനഘോഷങ്ങൾ

- വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.
- ദേശീയോത്സവങ്ങളുടെ ഭാഗമായി വർണശബളമായ ഘോഷയാത്രകൾ സംഘടിപ്പിക്കുക.
- അസംബ്ലിയിൽ ദിനാചരണങ്ങളുടെ ഭാഗമായി ഓരോ എഴുത്തുകാരെക്കുറിച്ചുമുള്ള വായനാക്കുറിപ്പുകളും അതുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കുക.
- സാംസ്കാരിക ഉത്സവങ്ങളുടെ ഭാഗമായി പ്ലക്കാർഡുകളും പോസ്റ്ററുകളും തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- സ്കൂൾ അസംബ്ലിയിൽ പത്രവായനയ്ക്ക് പ്രാധാന്യം നൽകുക.

# നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം:

1. സ്കൂൾ സൗന്ദര്യവത്ക്കരണം

ഹരിതവത്ക്കരണത്തിന് കൂടുതൽ പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. പ്രധാന കെട്ടിടം ആകർഷണമാണ് സ്കൂൾ അന്തരീക്ഷം ആകർഷകമാക്കുന്നതിന് പൂന്തോട്ടങ്ങളും പച്ചക്കറികളും വിദ്യാലയത്തിൽ ഒരുക്കേണ്ടതുണ്ട്.

ക്ലാസ്സ്മുറികൾ ശിശുസൗഹൃദപരവും ഹൈടെക് രീതിയിലും മാറേണ്ടതുണ്ട്.

2. ലൈബ്രറി

പ്രത്യേക വായനാമുറി സ്കൂളിൽ ഇല്ല. ലൈബ്രറിയുടെ ശാക്തീകരണം നടപ്പിലാക്കേണ്ടതുണ്ട്.

3. കമ്പ്യൂട്ടർ ലാബ്

കമ്പ്യൂട്ടർ ലാബിനായി ഒരു മുറിയുണ്ടെങ്കിലും പ്രവർത്തനക്ഷമമായ കമ്പ്യൂട്ടർ ഒന്നോ രണ്ടോ മാത്രമേയുള്ളൂ. നെറ്റ് സൗകര്യം മെച്ചപ്പെടുത്തി പഠനം കാര്യക്ഷമമാക്കേണ്ടതുണ്ട്. എല്ലാ ക്ലാസ്സ്മുറികളിലും കമ്പ്യൂട്ടർ അത്യന്താപേക്ഷിതമാണ്.

4. ഗതാഗതം

വിദ്യാലയത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിന് വാഹനസൗകര്യം ഉണ്ട്.

സാമൂഹികം

1. പി.ടി.എ വിദ്യാലയ പ്രവർത്തനങ്ങളിൽ കൂടുതൽ ശക്തിയായി ഇടപെടേണ്ടതുണ്ട്. ക്ലാസ്സ് പി ടി എ കളിൽ രക്ഷിതാക്കളുടെ സാന്നിധ്യം കുറവു കാണിക്കുന്നുണ്ട്. ഇത് മാറേണ്ടതാണ്. സ്കൂൾ പ്രവർത്തനങ്ങളിൽ പി ടി എ യുടം സജീവമായ സാന്നിധ്യം ഉറപ്പാക്കേണ്ടതിന് അനിവാര്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.
2. പ്രദേശത്തെ മികച്ച വ്യക്തികളുടെ സേവനം സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങളിൽ ഉറപ്പാക്കേണ്ടതുണ്ട്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക ഗ്രാമീണഗ്രന്ഥശാലകൾ, സഹകരണ സംഘങ്ങൾ, കലാസാംസ്കാരിക സംഘടനകൾ എന്നിവരുമായി നിരന്തരബന്ധം സ്ഥാപിച്ചെടുക്കേണ്ടതുണ്ട്.

അക്കാദമികം

- വായനാ പരിപോഷണം - അനിവാര്യം
- ലൈബ്രറി ശാക്തീകരണം - അനിവാര്യം
- ദിനാചരണങ്ങൾ - മെച്ചപ്പെടുത്തൽ
- പഠനയാത്രകൾ - പ്രയോജനപ്പെടുത്തൽ
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കണം
- ടേം മൂല്യനിർണയം, വിലയിരുത്തൽ - ശക്തിപ്പെടുത്തേണ്ടതുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഇംഗ്ലീഷ് പഠനപരിപോഷണം<br>• ശാസ്ത്രപോഷണപരിപാടികൾ<br>• പോഷകാഹാര പരിപാടികൾ<br>• ഭാഷാലാബ്<br>• ജൈവവൈവിധ്യ പാർക്ക്<br>• എസ് ആർ ജി ശാക്തീകരണം<br>• കായിക പഠനം | • വിശ്രമമുറി<br>• കമ്പ്യൂട്ടർ റൂം<br>• ലബോറട്ടറി<br>• അസംബ്ലി ഹാൾ<br>• കുടിവെള്ള വിതരണം<br>• ജൈവവൈവിധ്യ പാർക്ക്<br>• ഔഷധോദ്യാനം<br>• ചെറിയകുളം<br>• പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങിംഗ് ഗാർഡൻ | • വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവാധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |

# പദ്ധതി വിശദാംശങ്ങൾ

## ഹ്രസ്വകാലാടിസ്ഥാനത്തിൽ

### മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | • പ്രീ- ടെസ്റ്റ്<br>• പരിമിതികൾ പരിഹരിക്കുന്നതിനായി പ്രവർത്തനം തയ്യാറാക്കൽ<br>• ഇംഗ്ലീഷിൽ അസംബ്ലി<br>•<br>• ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്<br>• പതിപ്പുകൾ, മാഗസീനുകൾ | ആഴ്ചയിൽ ഒരു ദിവസം<br>ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ<br>എച്ച്. എം.<br>ക്ലാസ്സ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | |
| • എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • പ്രീ- ടെസ്റ്റ്<br>• പരിമിതികൾ പരിഹരിക്കുന്നതിനായി പ്രവർത്തനം തയ്യാറാക്കൽ<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• ദിനാചരണങ്ങൾ<br>• ആസ്വാദനക്കുറിപ്പ്<br>• പതിപ്പുകൾ<br>• മാഗസിനുകൾ | ആഴ്ചയിൽ ഒരു ദിവസം | മലയാളം ടീച്ചർ<br>എച്ച്. എം.<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |
| • കുട്ടികളിൽ | • പ്രീ- ടെസ്റ്റ് | 3 മാസം | ഗണിതാധ്യാപിക | |

| | | | | |
|---|---|---|---|---|
| സംഖ്യാവബോധം സൃഷ്ടിക്കുന്നതിനും സംഖ്യാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും | • സംഖ്യ അവബോധം വളർത്തൽ – സംഖ്യാവായന, എഴുത്ത്, സംഖ്യാപാറ്റേൺ, പട്ടികപൂർത്തിയാക്കൽ, ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ | 3 മാസം | | |
| | • സംഖ്യാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, സംഖ്യാക്രമീകരണം (ആരോഹണാവരോഹണ ക്രമം) | 3 മാസം | ഗണിതാധ്യാപിക | |
| | • ചതുഷ്ക്രിയകൾ, ഭിന്നസംഖ്യ ദശാംശ സംഖ്യകൾ, സമയം, ശതമാനം, എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>• പ്രോജക്ട് വർക്കുകൾ<br>• കുസൃതിക്കണക്കുകൾ | ആഴ്ചയിൽ ഓരോ ദിവസം | ഗണിതാധ്യാപിക | |

# പദ്ധതി വിശദാംശങ്ങൾ

## മധ്യകാലാടിസ്ഥാനത്തിൽ:

### മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ജൈവവൈവിധ്യ പാർക്ക്, • ഔഷധോദ്യാനം ചെറിയകുളം | ഉപസമിതികളെ തെരഞ്ഞെടുത്തു നിയോഗിക്കൽ, വിദഗ്ദ്ധരുമായുള്ള ചർച്ച, പൂർവ്വ വിദ്യാർത്ഥി സംഗമം | ഒരു വർഷം | എച്ച്.എം. അധ്യാപകർ പി ടി എ | പൂർവ്വ വിദ്യാർത്ഥികൾ |

## ദീർഘകാലാടിസ്ഥാനത്തിൽ

### മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിശ്രമമുറി, കമ്പ്യൂട്ടർ റൂം, ലബോറട്ടറി, കുടിവെള്ള വിതരണം അനിവാര്യമായ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി ഒരുക്കുക. | അധ്യാപക രക്ഷകർത്തൃ സംഘടനകളുടെയും റോട്ടറി ക്ലബ്ബിന്റെയും സഹകരണത്തോടെയുള്ള മീറ്റിംഗുകൾ, ചർച്ച പദ്ധതി പ്രാവർത്തികമാക്കൽ | 5 വർഷം | അധ്യാപകർ എച്ച്. എം | റോട്ടറി ക്ലബ്ബ്, സന്നദ്ധ സംഘടനകൾ, പി ടി എ |

# പ്രതീക്ഷിത നേട്ടങ്ങൾ

- ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള മുഴുവൻ കുട്ടികളെയും മികവുറ്റവരാക്കുക.
- ഏഴാം ക്ലാസ്സിൽ നിന്നും പോകുന്ന മുഴുവൻ കുട്ടികളും എ പ്ലസ് കരസ്ഥമാക്കുക.
- എല്ലാ കുട്ടികളിലും എഴുത്തും വായനയും പരിപോഷിപ്പിക്കുക.
- കുട്ടികളെ സ്വയം തൊഴിൽ കണ്ടെത്താനും പ്രാവർത്തികമാക്കാനും പ്രാപ്തരാക്കുക.
- ഗവേഷണപരീക്ഷണങ്ങൾ സ്വയം ഏറ്റെടുത്തു നടപ്പിലാക്കുക.
- കലാകായിക രംഗത്ത് മുൻപന്തിയിൽ എത്തിക്കുക.
- പ്രവൃത്തി പരിചയമേളകളിൽ മികച്ച നിലവാരം പുലർത്തുക.
- സ്വന്തം കഴിവുകൾ തിരിച്ചറിയാനും അത് ജീവിതത്തിൽ നടപ്പിലാക്കാനും പ്രാപ്തരാക്കുക.
- കുട്ടികളിലുളഅള സർഗാത്മക കഴിവുള്ള വികസിപ്പിച്ചെടുക്കുക.
- വെല്ലുവിളികളെ സ്വയം ഏറ്റെടുക്കാനുള്ള കഴിവ്
- സാമൂഹ്യത്തിന്റെ സാന്നിധ്യം, സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പാക്കുക.
- ആകർഷകമായ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുക.
- ടാലെന്റ് ലാബ് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക.
- “കാമ്പസ് തന്നെ പഠനം”എന്ന ലക്ഷ്യത്തോടുകൂടി ജൈവവൈവിധ്യ ഉദ്യാനം

# മോണിറ്ററിംഗ്

വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന വികസന പദ്ധതി ഒരോ ഘട്ടത്തിലും എത്രത്തോളം നേടിയെന്ന് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിക്കും. സ്കൂളിന്റെ അക്കാദമിക ലീഡർ എന്ന നിലയിൽ ഹെഡ്മിസ്ട്രസ് എല്ലാ പ്രവർത്തനങ്ങളും മോണിറ്ററിംഗ് നടത്തണം. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹവും വികസന പദ്ധതിയെ മോണിറ്ററിംഗ് ചെയ്യേണ്ടതുണ്ട്.

വികസന പദ്ധതിയുടെ നിർവഹണം വിലയിരുത്തുന്നതിനായി മാനദണ്ഡങ്ങൾ തയ്യാറാക്കണം. സ്കൂൾ വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ വിദ്യാലയ വികസന സമിതി, പി ടി എ, എസ്. എം. സി. എന്നിവരുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ, രൂപീകരിക്കുക,അക്കാദമിക പ്രവർത്തനങ്ങൾ സി. ആർ. സി. തല അക്കാദമിക സമിതികൾ രൂപീകരിക്കുക, അക്കാദമിക പ്രവർത്തനങ്ങൾ സി. ആർ.സി. തല അക്കാദമിക സമിതികൾ വിലയിരുത്തും.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റത്തക്കവിധത്തിലുള്ള സൂക്ഷ്മതല ആസൂത്രിത പദ്ധതികളാണ് നാം കണ്ടെത്തിയത്. സമൂഹത്തിന്റെയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും പങ്കാളിത്തത്തോടെ ഈ പദ്ധതി പൂർത്തീകരിക്കേണ്ടതുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിലും മധ്യകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ചെയ്തു തീർക്കേണ്ട ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച്, ഗുണഭോക്താക്കളായ കുട്ടികളെ മികവിന്റെ പാതയിൽ എത്തിക്കാൻ നമുക്ക് സാധിക്കും. അതിനുവേണ്ടി നമുക്ക് ഓരോരുത്തർക്കും ആത്മാർത്ഥമായി പ്രയത്നിക്കാം.